150 YEARS OF CELEBRATING THE MAHATMA

**"ഭരണഭാഷ മാതൃഭാഷ"**

നമ്പർ. ഇ1/10546/2019/ഫാ.&ബോ.

"സുരക്ഷാഭവൻ"
ഡയറക്ടറേറ്റ് ഓഫ് ഫാക്ടറീസ് &ബോയിലേഴ്സ്
കുമാരപുരം, തിരുവനന്തപുരം-11
ഫോൺ 0471-2441597
ഇ-മെയിൽ director@fabkerala.gov.in
തീയതി. 14.06.2019

**സർക്കുലർ നമ്പർ. 17/2019**

G.O.(MS) No. 1/89/P&ARD തീയതി 25.04.89, G.O.(P) No. 20/90/P&ARD തീയതി 31.5.90, G.O.(P) No. 41/12/P&ARD തീയതി 23.8.12 എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നത്. ടി ഉത്തരവ് പ്രകാരം ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ പ്രവേശിക്കുന്ന ഉദ്യോഗാർത്ഥി സേവനത്തിൽ കയറി 6 മാസത്തിനുള്ളിൽ ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികയിലേക്ക് ഓപ്ഷൻ നൽകേണ്ടതാണ്. ടി തസ്തികയിൽ പുതുതായി പ്രവേശിക്കുമ്പോൾ തന്നെ ഓപ്ഷൻ വാങ്ങേണ്ടതും ആയത് സർവീസ് ബുക്കിൽ രേഖപ്പെടുത്തി ഓപ്ഷൻ ഫോം സർവീസ് ബുക്കിൽ പതിക്കേണ്ടതുമാണ്. സർവീസ് ബുക്കിന്റെ ടി പേജിന്റെ പകർപ്പം ഓപ്ഷന്റെ പകർപ്പം ജോയിനിംഗ് റിപ്പോർട്ടിനോടൊപ്പം ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്. ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർമാർ ടി വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. ക്ലാർക്ക്, ക്ലാർക്ക്/ടൈപ്പിസ്റ്റ് -ൽ നിന്നും സീനിയർ ക്ലാർക്കിലേക്കുള്ള പ്രൊമോഷൻ പുതിയ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം അനുപാതം ശരിയാക്കേണ്ടതായിട്ടുണ്ട്. ആയതിനായി താങ്കളുടെ റീജിയണിൽ സീനിയർ ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, ഹെഡ് അക്കൗണ്ടന്റ്, ഹെഡ് സ്റ്റാറ്റിസ്റ്റീഷ്യൻ, സീനിയർ സൂപ്രണ്ട്, അഡീഷണൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് എന്നീ തസ്തികകളിലുള്ള ജീവനക്കാരുടെ പ്രവേശന തസ്തിക ക്ലാർക്കാണോ, ക്ലാർക്ക് ടൈപ്പിസ്റ്റാണോ എന്നത് അടിയന്തരമായി അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ

പകർപ്പ്:

എല്ലാ ഉപഓഫീസുകൾക്കും
എ.ഒ/എസ്.എസ്/സി.എ ടു ഡിഎഫ്&ബി/കരുതൽ ഫയൽ

അംഗീകാരത്തോടെ അയക്കുന്നത്

Valsala.K.N
സീനിയർ സൂപ്രണ്ട്